ആനമലയാറിൽ നിന്നും തമിഴ്നാടിന് വെള്ളം കൊടുക്കാമെന്ന പി. എ. പി. കരാർ വ്യവസ്ഥ

85 [3473] ശ്രീ. തമ്പാനൂർ രവി:
,, ജോർജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാറിൽ ആനമലയാറിൽ നിന്ന് വെള്ളം തമിഴ്നാടിന് നല്കാമെന്ന് വ്യവസ്ഥയുണ്ടായിരുന്നുവോ;

(ബി) 1992-ൽ തമിഴ്നാടിന് കേരളം സമർപ്പിച്ച സപ്ലിമെന്ററി മെമ്മോറാണ്ടത്തിൽ വൈദ്യുതി ക്ഷാമം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ആനമലയാറിൽ നിന്നുള്ള വെള്ളം തമിഴ്നാടിന് വിട്ടുകൊടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണെന്നും അതുകൊണ്ട് ആനമലയാറിൽനിന്നുള്ള വെള്ളം തമിഴ്നാടിന് കൊടുക്കാനുള്ള വ്യവസ്ഥ കരാറിൽനിന്ന് ഒഴിവാക്കണമെന്നും പറഞ്ഞിരുന്നുവോ;

(സി) 1994-ൽ പി. എ. പി. കരാറിനെപ്പറ്റി പഠിച്ച നിയമസഭ അഡ്ഹോക്ക് കമ്മിറ്റി ഈ കാര്യത്തിൽ എന്ത് ശുപാർശയാണ് നല്കിയത്;

(ഡി) പി. എ. പി. കരാർ പുതുക്കുന്നത് സംബന്ധിച്ച് നടന്ന ചർച്ചയിൽ ആനമലയാറിൽ നിന്നും തമിഴ്നാടിന് വെള്ളം കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ടോ; സംസ്ഥാനത്തിന്റെ വൈദ്യുതി ക്ഷാമത്തിന് പരിഹാരങ്ങളുണ്ടായതുകൊണ്ടാണോ ഇപ്രകാരം സമ്മതിച്ചത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പറഞ്ഞിരുന്നു.

(സി) ആനമലയാറിലെ ജലം വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച വ്യവസ്ഥ കരാറിൽനിന്ന് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഡ്ഹോക്ക് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ചർച്ചയിൽ ഒരു കാര്യത്തിലും അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly